## ഓപ്പറേഷന് ഇന്സാനിയത് - അഭയാര്ഥി പ്രവാഹത്തെ തുടര്ന്നു ബംഗ്ലാദേശിനു മനുഷ്യത്വപരമായ സഹായം

സെപ്തംബര് 14, 2017

ബംഗ്ലാദേശിലേക്ക് അഭയാർഥികളുടെ വലിയ പ്രവാഹത്തെ തുടർന്നു മനുഷ്യത്വപരമായ പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കുന്നതിനോടുള്ള പ്രതികരണമായി ബംഗ്ലാദേശിനു സഹായം നൽകാന് ഗവൺമെന്റ് ഓഫ് ഇന്ത്യ തീരുമാനിച്ചു . അഭയാർത്ഥികൾക്ക് ഏറ്റവും പെട്ടെന്ന് ആവശ്യമായ സാമഗ്രികളാകും ആശ്വാസ വസ്തുക്കളില് ഉണ്ടാകുക , അവ അരി, പാചക എണ്ണ, ചായപ്പൊടി, പഞ്ചസാര, റെഡി ടു ഈറ്റ് - നൂഡിൽസ്, ബിസ്ക്കറ്റ്സ്, ഉപ്പ്, പയർ വർഗങ്ങൾ, കൊതുക് വലകള് എന്നിവയായിരിക്കും .

ദുരിതാശ്വാസ വസ്തുക്കള് അനവധി ചരക്കുകളായാണ് എത്തിക്കുക, അവശ്യ സാധനങ്ങളുമായി ഇന്ത്യന് വ്യോമസേനയുടെ ആദ്യ വിമാനം നാളെ (14 സെപ്തംബർ 2017 )ബംഗ്ലാദേശിലെ ചിറ്റഗോംഗിലെത്തും.

ഇന്ത്യയിലെയും ബംഗ്ലാദേശിലെയും ജനങ്ങള് തമ്മിലുള്ള സൌഹൃദവും അടുത്ത ബന്ധങ്ങളും കണക്കാക്കി ബംഗ്ലാദേശിലെ ഏതു വിഷമ ഘട്ടത്തിലും പെട്ടെന്നു തന്നെ ഇന്ത്യ എന്നും പ്രതികരിക്കാറുണ്ട് . ഈ അത്യാവശ്യഘട്ടത്തിലും ബംഗ്ലാദേശ് ഗവൺമെന്റിന് ആവശ്യമായ ഏതു സഹായവും നൽകുവാന് ഇന്ത്യ സന്നദ്ധമാണ്

ന്യൂഡെൽഹി
സെപ്തംബര് 14, 2017